# പഠിപ്പിന്റെ സാരം– വരുക, പോകുക

ഇന്ന് മുരളീധരനായ ബാബ തന്റെ മാസ്റ്റർ മുരളീധരൻമാരായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. സർവ്വ കുട്ടികളും മുരളിക്കും മിലനത്തിനും വേണ്ടി വേഴാമ്പലിനെ പോലെ ദാഹിച്ചിരിക്കുന്നു. അങ്ങനെയുള്ള വേഴാമ്പലാകാൻ ബ്രഹ്മാകുമാർ കുമാരിമാർക്കല്ലാതെ മറ്റാർക്കും സാധിക്കുകയില്ല. ഈ ജ്ഞാന മുരളിയും പരമാത്മ മിലനവും സ്നേഹിയും വേറിട്ടതുമാണ്. ലോകത്തിലെ അനേകാത്മാക്കൾ പരമാത്മ മിലനത്തിനായി ദാഹിച്ചിരിക്കുന്നു, കാത്തിരിക്കുന്നു. എന്നാൽ നിങ്ങൾ ബ്രാഹ്മണ ആത്മാക്കൾ ലോകത്തിലെ ഒരു കോണിൽ ഗുപ്തമായ രൂപത്തിൽ തന്റെ ശ്രേഷ്ഠമായ ഭാഗ്യം പ്രാപ്തമാക്കി കൊണ്ടിരിക്കുന്നു കാരണം ദിവ്യമായ ബാബയെ അറിയുന്നതിന് അഥവാ കാണുന്നതിനായി ദിവ്യ ബുദ്ധിയും ദിവ്യ ദൃഷ്ടിയും ഉണ്ടായിരിക്കണം, അത് ബാബ വിശേഷ ആത്മാക്കളായ നിങ്ങൾക്ക് നല്കിയിരിക്കുന്നു അതിനാൽ നിങ്ങൾ ബ്രാഹ്മണർക്കേ അറിയാൻ സാധിക്കൂ, മിലനം ആഘോഷിക്കാൻ സാധിക്കൂ. ലോകത്തിലുള്ളവർ നിലവിളിച്ചു കൊണ്ടിരിക്കുന്നു– ഒരു തുള്ളിക്ക് വേണ്ടി ഞങ്ങൾ ദാഹിച്ചിരിക്കുന്നു എന്ന്, നിങ്ങളെന്താണ് പറയുന്നത്? നമ്മൾ സമ്പത്തിന്റെ അധികാരിയായി എന്ന്, എത്ര വ്യത്യാസമുണ്ട്.– ദാഹിച്ചിരിക്കുന്നവർ എവിടെ അധികാരിയെവിടെ. ഇപ്പോഴും സർവ്വരും അധികാരിയായി അധികാരത്തിലൂടെ എത്തി ചേർന്നു. ഹൃദയത്തിൽ ഈ ലഹരിയുണ്ട്– നമ്മൾ ബാബയുടെ വീട്ടിൽ അഥവാ തന്റെ വീട്ടിൽ വന്നിരിക്കുന്നു. നമ്മൾ ആശ്രമത്തിൽ വന്നിരിക്കുന്നുവെന്ന് പറയില്ല. സ്വന്തം വീട്ടിൽ വന്നിരിക്കുന്നു– അങ്ങനെയല്ലേ മനസ്സിലാക്കുന്നത്? അധികാരത്തിന്റെ ലക്ഷണമാണ് സ്വന്തം എന്ന ബോധം.. തന്റെ അച്ഛന്റെയടുത്ത് വന്നിരിക്കുന്നു, തന്റെ പരിവാരത്തിൽ വന്നിരിക്കുന്നു. അതിഥിയായിട്ടല്ല വരുന്നത് പക്ഷെ കുട്ടികൾ സ്വന്തം വീട്ടിൽ വന്നിരിക്കുന്നു. നാല് ദിവസത്തേക്കായിക്കോട്ടെ വന്നിരിക്കുന്നത് എന്നാൽ മനസ്സിലാക്കുന്നുണ്ട്– തന്റെ സ്ഥാനമായ മധുബനിൽ വന്നെത്തിയിരിക്കുന്നു. അതിനാൽ ഈ വരിക, പോകുക. നിങ്ങൾ ബ്രാഹ്മണരുടെ പഠിത്തം അഥവാ മുരളീധരന്റെ മുരളിയുടെ സാരം ഈ രണ്ട് വാക്കാണ്– വരിക, പോകുക. ഓർമ്മയുടെ യാത്രയുടെ അഭ്യാസം എന്താണ് ചെയ്യുന്നത്? കർമ്മയോഗിയുടെ അർത്ഥം തന്നെയാണ്– ഞാൻ അശരീരി ആത്മാവ് ശരീരത്തിന്റെ ബന്ധനത്തിൽ നിന്നും വേറിട്ടതാണ്, കർമ്മം ചെയ്യുന്നതിനായി കർമ്മത്തിൽ വരുന്നു, കർമ്മം സമാപ്തമാക്കി കർമ്മ സംബന്ധിൽ നിന്നും നിർമ്മോഹിയായി മാറുന്നു, സംബന്ധത്തിലിരിക്കുന്നു, ബന്ധനത്തിലിരിക്കുന്നില്ല. അപ്പോൾ ഇതെന്തായി? കർമ്മത്തിന് വേണ്ടി വരിക, പിന്നീട് വേറിടുക. കർമ്മത്തിന്റെ ബന്ധനത്തിന് വശപ്പെട്ട് കർമ്മത്തിൽ വരുന്നില്ല എന്നാൽ കർമ്മേന്ദ്രിയങ്ങളെ അധീനമാക്കി അധികാരത്തോടെ കർമ്മം ചെയ്യുന്നതിനായി കർമ്മയോഗിയായി മാറുന്നു. ഇന്ദ്രിയങ്ങളുടെ കർമ്മത്തിന് വശപ്പെടുന്നില്ല. ആര് എന്തിനെങ്കിലും വശപ്പെടുകയാണെങ്കിൽ, വശപ്പെട്ട ആത്മാവ് ശക്തിശാലിയായി മാറുന്നു, അധികാരിയാകുന്ന ആത്മാവ് ഒരിക്കലും ആരുടെയും പ്രഭാവത്തിൽ വരില്ല, തന്റെ സ്വമാനത്തിൽ ശക്തിശാലിയായിരിക്കും. ചില കുട്ടികൾ ഇപ്പോഴും ഇടയ്ക്കിടയ്ക്ക് ഏതെങ്കിലുമൊക്കെ കർമ്മേന്ദ്രിയത്തിന് വശപ്പെടുന്നു, എന്നിട്ട് പറയുന്നു– ഇന്ന് കണ്ണ് ചതിച്ചു, ഇന്ന് വായ ചതിച്ചു, ദൃഷ്ടി ചതിച്ചു. പരവശരാകുക അർത്ഥം ചതിവിൽപ്പെടുക, ചതിവിന്റെ ലക്ഷണമാണ് ദുഃഖത്തിന്റെ അനുഭൂതിയുണ്ടാകുക. ചതിവിൽപ്പെടാൻ ആഗ്രഹിക്കുന്നില്ല എന്നാൽ ആഗ്രഹിക്കാതെ തന്നെ ചെയ്ത് പോകുന്നു, ഇതിനെയാണ് വശപ്പെടുക എന്ന് പറയുന്നത്. ലോകത്തിലുള്ളവർ പറയുന്നു– വലയിൽപ്പെട്ടു പോയി....ആഗ്രഹിച്ചിരുന്നില്ല എന്നാൽ അറിഞ്ഞൂടാ എങ്ങനെപ്പെട്ടു പോയിയെന്ന്. നിങ്ങൾ സ്വദർശന ചക്രധാരി ആത്മാക്കൾക്ക് ഒരു ചതിവിലുംപ്പെടാൻ സാധിക്കില്ല കാരണം സ്വദർശന ചക്രധാരി അനേക പ്രകാരത്തിലുള്ള വലകളിൽ നിന്നും മോചിപ്പിക്കുന്നവരാണ്. സ്വയത്തെ മാത്രമല്ല, എന്നാൽ മറ്റുള്ളവരെയും മോചിപ്പിക്കുന്നതിന് നിമിത്തമായി മാറുന്നു. അനേക പ്രകാരത്തിലെ ദുഃഖങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് ചിന്തിക്കുന്നു– ഈ സൃഷ്ടി ചക്രത്തിൽ നിന്നും വേറിടണം എന്ന്. എന്നാൽ സൃഷ്ടി ചക്രത്തിനുള്ളിൽ പാർട്ടഭിനയിച്ച് ദുഃഖങ്ങളുടെ അനേക വലകളിൽ നിന്നും മുക്തമായി ജീവൻമുക്ത സ്ഥിതി പ്രാപ്തമാക്കാൻ സാധിക്കും– ഇത് ആർക്കുമറിയില്ല. നിങ്ങൾ വെല്ലുവിളിക്കുന്നുണ്ട് ഞങ്ങൾക്ക് നിങ്ങളുടെ ജീവിതത്തിൽ ഡബിൾ മുക്തി നേടി തരാൻ സാധിക്കും.– ജീവിതവും, മുക്തിയും, ഇങ്ങനെ വെല്ലുവിളിക്കാറില്ലേ. ലഹരിയോടെ പറയുന്നു ജീവൻമുക്തി നിങ്ങളുടെയും എന്റെയും ജന്മ സിദ്ധ അധികാരമാണ്, അതിനാൽ സ്വദർശന ചക്രധാരി അർത്ഥം ദുഃഖങ്ങളിൽ നിന്നും മുക്തമായിരിക്കുന്നവർ, മുക്തമാക്കുന്നവർ. വശപ്പെടുന്നവരല്ല എന്നാൽ അധികാരിയായി, സർവ്വ കർമ്മേന്ദ്രിയങ്ങളിലൂടെ കർമ്മം ചെയ്യിക്കുന്നവർ. ചതിവിൽപ്പെടുന്നവരല്ല എന്നാൽ മറ്റുള്ളവരെയും ചതിവിൽ നിന്നും മോചിപ്പിക്കുന്നവർ. ഇതേ അഭ്യാസം തന്നെയല്ലേ ചെയ്യുന്നത്– കർമ്മത്തിൽ വരിക, എന്നിട്ട് നിർമ്മോഹിയാകുക, അപ്പോൾ ഓർമ്മയുടെ അഭ്യാസം എന്തായിരുന്നു? വരിക, പോകുക. പഠിത്തം അർത്ഥം ജ്ഞാനത്തിന്റെ സാരമെന്താണ്?

കർമ്മാതീതമായി വീട്ടിലേക്ക് പോകുക, പിന്നീട് രാജ്യം ഭരിക്കുന്നതിന്റെ പാർട്ട് അഭിനയിക്കുന്നതിന് തന്റെ രാജ്യത്തിൽ വരിക. ഇത് തന്നെയല്ലേ ജ്ഞാനത്തിന്റെ സാരം. അതിനാൽ വരിക, പോകുക- ഇത് തന്നെയാണ് ജ്ഞാനവും യോഗവും, ഇതേ അഭ്യാസത്തിൽ രാപകൽ മുഴുകിയിരിക്കുന്നു. ബുദ്ധിയിൽ വീട്ടിലേക്ക് പോകുന്നതിന്റെയും, പിന്നീട് രാജ്യത്തിൽ വരുന്നതിന്റെയും സന്തോഷമുണ്ട്. ഏതുപോലെ മധുബൻ വീട്ടിൽ വരുമ്പോൾ എത്ര സന്തോഷമുണ്ടാകുന്നു, അതേപോലെ ആത്മാവിന്റെ വീട്ടിലേക്ക് പോകുന്നതിന്റെയും സന്തോഷമുണ്ട്. എന്നാൽ ആര് സന്തോഷത്തോടെ പോകും? എത്രത്തോളം സദാ ഈ വരാനും പോകാനുമുള്ള അഭ്യാസമുണ്ടോ. ആഗ്രഹിക്കുന്ന സമയത്ത് അശരീരി സ്ഥിതിയിൽ സ്ഥിതി ചെയ്യൂ, ആഗ്രഹിക്കുമ്പോൾ കർമ്മാതീതമാകൂ- ഈ അഭ്യാസം വളരെ പക്കാ ആയിരിക്കണം. അല്ലാതെ നിങ്ങൾ അശരീരിയാകാൻ ആഗ്രഹിക്കുന്നു, ശരീരത്തിന്റെ, ബന്ധനം കർമ്മത്തിന്റെ ബന്ധനം, വ്യക്തികളുടെ ബന്ധനം, വൈഭവങ്ങളുടെ ബന്ധനം, സ്വഭാവ-സംസ്ക്കാരങ്ങളുടെ ബന്ധനം അതിന്റെ നേർക്ക് ആകർഷിക്കുന്നു. ഏതൊരു ബന്ധനവും അശരീരിയാകാൻ അനുവദിക്കില്ല. ഏതുപോലെ ടൈറ്റായ വേഷം ധരിച്ചാൽ സമയത്ത് സെക്കന്റിൽ ഊരാൻ ആഗ്രഹിച്ചാലും ഊരാൻ സാധിക്കില്ല, അത് ആകർഷിക്കും. കാരണം ശരീരത്തിൽ ഒട്ടിപ്പിടിച്ചിരിക്കുന്നു. അതേപോലെ ഏതൊരു ബന്ധനത്തിന്റെ ആകർഷണവും അതിന്റെ നേർക്ക് ആകർഷിക്കുന്നു. ബന്ധനം ആത്മാവിനെ ടൈറ്റാക്കുന്നു അതിനാൽ ബാപ്ദാദ സദാ ഈ പാഠം പഠിപ്പിക്കുന്നു- നിർലിപ്തം അർത്ഥം നിർമ്മോഹിയും വളരെ പ്രിയപ്പെട്ടവരും. വളരെക്കാലത്തെ ഈ അഭ്യാസം ഉണ്ടായിരിക്കണം.

ജ്ഞാനം കേൾക്കുക- കേൾപ്പിക്കുക, സേവനം ചെയ്യുക ഇത് വേറെയാണ് എന്നാൽ ഈ അഭ്യാസം വളരെ ആവശ്യമാണ്. ഈ അഭ്യാസത്തിൽ ശ്രദ്ധിക്കുന്നതിൽ ഡബിൾ അടിവരയിടൂ, എങ്കിലേ ഡബിൾ ലൈറ്റായി കർമ്മാതീത സ്ഥിതി പ്രാപ്തമാക്കി ഡബിൾ കിരീടധാരിയാകാൻ സാധിക്കൂ. ബ്രാഹ്മണനായി, ബാബയുടെ സമ്പത്തിനവകാശിയായി, ഈശ്വരീയ വിദ്യാർത്ഥികളായി, ജ്ഞാനീ ആത്മാവായി, വിശ്വസേവാധാരിയായി- ഈ ഭാഗ്യം നേടിയെടുത്തു എന്നാൽ ഇപ്പോൾ ബഹുമതിയോടെ പാസാകുന്നതിന് കർമ്മാതീത സ്ഥിതിയുടെ സമീപത്തെത്തുന്നതിന് ബ്രഹ്മാബാബയ്ക്ക് സമാനം നിർമ്മോഹി അശരീരിയാകുന്നതിന്റെ അഭ്യാസത്തിന്റെ പ്രത്യക്ഷ അനുഭവം ചെയ്യിച്ചു. സർവ്വ കുട്ടികളും അനുഭവം കേൾപ്പിച്ചിരുന്നു- കേട്ടിട്ടും നിർമ്മോഹി, കാര്യം ചെയ്തു കൊണ്ടും നിർമ്മോഹി, സംസാരിച്ചു കൊണ്ടും നിർമ്മോഹിയായിരുന്നു. സേവനത്തേയോ ഏതെങ്കിലും കർമ്മത്തേയോ ഉപേക്ഷിച്ചില്ല എന്നാൽ നിർമ്മോഹിയായി ലാസ്റ്റ് ദിവസവും കുട്ടികളുടെ സേവനം സമാപ്തമാക്കി. നിർമ്മോഹിയായിരിക്കുകയാണെങ്കിൽ ഓരോ കർമ്മത്തിൽ സഹജമായി സഫലതയുടെ അനുഭവം ചെയ്യിക്കുന്നു. ചെയ്ത് നോക്കൂ. ഒരു മണിക്കൂർ മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനുള്ള പരിശ്രമം ചെയ്ത് നോക്കൂ, ആ സമയത്ത് 15 മിനിറ്റ് കേട്ടിട്ടും, സംസാരിച്ചിട്ടും, നിർമ്മോഹി സ്ഥിതിയിൽ സ്ഥിതി ചെയ്ത് മറ്റ് ആത്മാക്കൾക്കും നിർമ്മോഹി സ്ഥിതിയുടെ വൈബ്രേഷൻ നല്കി നോക്കൂ. 15 മിനിറ്റിൽ ലഭിക്കുന്ന സഫലത ഒരു മണിക്കൂറിൽ പോലും ലഭിക്കില്ല. ഇതേ അഭ്യാസം ബ്രഹ്മാബാബ ചെയ്ത് കാണിച്ചു. അപ്പോൾ മനസ്സിലായോ എന്താണ് ചെയ്യേണ്ടതെന്ന്.

ആദ്യം നിമിത്തമായത് ടീച്ചേഴ്സാണ്. അച്ഛനെ അനുകരിക്കില്ലേ. സേവനത്തിന്റെ വിസ്താരത്തെ എത്ര തന്നെ വർദ്ധിപ്പിച്ചാലും വിസ്താരത്തിൽ പോയിട്ടും സാര രൂപത്തിന്റെ സ്ഥിതിയുടെ അഭ്യാസം കുറയരുത്, വിസ്താരത്തിൽ സാരം മറക്കരുത്. കഴിച്ചോളൂ, കുടിച്ചോളൂ, സേവനം ചെയ്യൂ എന്നാൽ നിർമ്മോഹിയാകുക എന്നത് മറക്കരുത്. വാണിയിലൂടെ എത്ര സേവനം ചെയ്യും, എത്ര പേരുടെ ചെയ്യും. ഇപ്പോൾ ആത്മീയ വൈബ്രേഷൻ ,  അശരീരി സ്ഥിതിയുടെ വൈബ്രേഷൻ, സ്നേഹി നിർമ്മോഹി സ്ഥിതിയുടെ ശക്തിശാലി വൈബ്രേഷൻ അന്തരീക്ഷത്തിൽ വ്യാപിപ്പിക്കൂ. സേവനത്തിന്റെ തീവ്രഗതിയുടെ സാധനവും ഇത് തന്നെയാണ്. മറ്റുള്ളവരുടെ സേവനം ചെയ്യുന്നതിന് മുമ്പ് ആദ്യം സ്വയം ഈ വിധിയിലൂടെ സമാനമായാലേ സേവനത്തിന്റെ സിദ്ധി പ്രാപ്തമാക്കാൻ സാധിക്കൂ. ഇപ്പോൾ ശബ്ദത്തിൽ വരുന്നത് സഹജമായി, അതും ഹൃദയം കൊണ്ടാണ് ചെയ്യുന്നത് കാരണം അഭ്യാസം പക്കായായി. അതേപോലെ ഈ അഭ്യാസവും സ്വാഭാവികമായി മാറും. ഈ സ്വാഭാവിക അഭ്യാസത്തിലൂടെയാണ് സ്വഭാവം പരിവർത്തനപ്പെടുന്നത്. മനുഷ്യാത്മാക്കളുടെ സ്വഭാവമാകട്ടെ, പ്രകൃതിയുടെ സ്വഭാവകട്ടെ. മനസ്സിലായോ? പ്രയാസമായി അനുഭവപ്പെടുന്നില്ലല്ലോ. വലുതിലും വച്ച് വലിയ ബാബയുടെ കുട്ടികളാണ്, വലുതിലും വച്ച് വലിയ പ്രാപ്തിയുടെ അധികാരികളുമാണ്, അതിനാൽ അവർക്ക് ഇത് വലിയ കാര്യമല്ല. ടെൻഷനില്ലാതെ അറ്റൻഷൻ വയ്ക്കാൻ അറിയാമല്ലോ. സ്വതസിദ്ധമായ സംസ്ക്കാരം അറ്റൻഷന്റേതാണ്. ടെൻഷനിൽ വരാൻ അറിയാമെങ്കിൽ അറ്റൻഷൻ വയ്ക്കുന്നത് വലിയ കാര്യമാണോ? ടെൻഷനിൽ വന്ന് അത് ഒരു സംസ്ക്കാരമായില്ലേ. അറ്റൻഷന്റെയും ടെൻഷൻ പാടില്ല എന്നാൽ സ്വാഭാവിക അറ്റൻഷൻ ആയിരിക്കണം. ചിലർ  അങ്ങനെയും ചെയ്യുന്നു-അറ്റൻഷനെ ടെൻഷനിലേക്ക് പരിവർത്തനപ്പെടുത്തുന്നു എന്നാൽ അറ്റൻഷനെ

അറ്റൻഷന്റെ രൂപത്തിൽ കാണൂ, മാറ്റാതിരിക്കൂ. ആത്മാവിന്റെ യഥാർത്ഥമായ അഭ്യാസം നിർമ്മോഹിയായിരിക്കുക എന്നതാണ്. ശരീരം ആത്മാവല്ല, ആത്മാവ് ശരീരമല്ല. അതിനാൽ നിർമ്മോഹിയായില്ലേ. കേവലം 63 ജന്മങ്ങൾ ആകർഷണത്തിന്റെ സംസ്ക്കാരം സ്വതസിദ്ധമായി. എന്നാൽ എന്താണോ യഥാർത്ഥമായ സംസ്കാരം അത് യഥാർത്ഥം തന്നെയായിരിക്കും. ശരി.

ഡബിൾ വിദേശികളും പുതിയ വർഷം ആഘോഷിക്കുന്നതിനായി എത്തി ചേർന്നിട്ടുണ്ട്. അതിഥിയായി വന്നിരിക്കുകയാണോ അതോ കുട്ടിയായാണോ വന്നിരിക്കുന്നത്? സ്വന്തം എന്ന് തോന്നുന്നില്ലേ. ബാപ്ദാദായും കുട്ടികളെ തന്റെ വീട്ടിൽ കണ്ട് ഹർഷിതമാകുന്നു. കുട്ടികൾ സദാ വീടിന്റെ അലങ്കാരമാണ്. കുട്ടികളെ കൊണ്ട് മധുബൻ അലങ്കരിക്കപ്പെടുന്നു, അതിനാൽ ബാപ്ദാദ തന്റെ വീട്ടിലെ അലങ്കാരങ്ങളെ കണ്ട് സന്തോഷിച്ചു കൊണ്ടിരിക്കുന്നു. ഭാരതവാസികളാകട്ടെ, വിദേശികളാകട്ടെ- രണ്ട് പേരും വീട്ടിലെ അലങ്കാരമാണ്. വന്നതിന് ബാപ്ദാദ ആശംസകൾ നല്കുന്നു, പോകുന്നതിന്റെയും ആശംസകൾ നല്കുന്നു. ഇവിടെ വരുന്നതും നല്ലതാണ്, പോകുന്നതും നല്ലതാണ്. വിട പറയുന്നില്ല, ആശംസകൾ തന്നെ ആശംസകളാണ്. പോകുകയാണെങ്കിൽ സേവനത്തിന്റെ ആശംസകൾ, ഇവിടെ വരുമ്പോൾ മിലനത്തിന്റെ ആശംസകൾ. രണ്ടും ആശംസകളല്ലേ. ശരി.

സർവ്വ ദേശ-വിദേശത്തിലെ സദാ അധികാരി കുട്ടികൾക്ക്, സദാ ജ്ഞാനത്തിന്റെയും ഓർമ്മയുടെയും സാരത്തിലിരിക്കുന്ന ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബ്രഹ്മാബാബയെ അനുകരിക്കുന്ന, കർമ്മാതീത സ്ഥിതിയുടെ സമീപത്തെത്തി ചേരുന്ന യോഗീ ആത്മാക്കൾക്ക്, സദാ സ്വന്തമെന്ന അനുഭവത്തിന്റെയും അധികാരത്തിന്റെയും സന്തോഷത്തിലിരിക്കുന്ന സന്തുഷ്ടരായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

ഡോക്ടേഴ്സിനോടുള്ള അവ്യക്ത മഹാവാക്യം- സർവ്വ ഡോക്ടേഴ്സിന്റെ ഹൃദയത്തിലെന്താണ്? ഹോസ്പിറ്റല്ലല്ലോ? ബാബയെ ഹൃദയത്തിലിരുത്തുക അർത്ഥം സദാ കാലത്തേക്ക് അനേകരെ മാറ്റുക. ഇന്നത്തെ കാലത്ത് ഡോക്ടേഴ്സും പറയാറുണ്ട് മരുന്നിനേക്കാൾ കൂടുതൽ പ്രവർത്തിക്കുന്നത് ആശീർവാദമാണെന്ന്. അവരും മരുന്നകളാൽ നിരാശരായി കാരണം അറിയാമല്ലോ, ഇതിന്റെ ഫലമെന്തായിരിക്കും, എന്ത് ലഭിക്കും. അതിനാൽ ഇപ്പോൾ സർവ്വരുടെയും ദൃഷ്ടി ആശീർവാദങ്ങൾക്ക് നേരെ പൊയ്ക്കൊണ്ടിരിക്കുന്നു. ഇപ്പോൾ യോഗം വ്യായാമത്തിന്റെ രൂപത്തിൽ നാനാ ഭാഗത്തും വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ഇപ്പോൾ യോഗം വരെയെത്തിയിരിക്കുന്നു, സഹജയോഗം വരെയെത്തും. മരുന്നുകൾക്ക് പകരം മറ്റൊരു ഭാഗത്തേക്ക് ബുദ്ധി പോയില്ലേ ഇപ്പോൾ. അവസാനം ലക്ഷ്യത്തിലെത്തും, അപ്പോൾ ഡോക്ടേഴ്സ് ഇതേ കർത്തവ്യമല്ലേ ചെയ്യുന്നത്. സർവ്വരുടെയും ബുദ്ധിയെ ലക്ഷ്യത്തിലെത്തിക്കുന്നവരല്ലേ? നല്ലത്, ധൈര്യം വയ്ക്കുന്നതിലൂടെ ബാബയുടെ സഹായം സ്വതവേ ലഭിച്ചു കൊണ്ടിരിക്കുന്നു, ഇനിയും ലഭിച്ചു കൊണ്ടിരിക്കും. ധൈര്യമുള്ളയിടത്ത് അസംഭവ്യമായത് പോലും സംഭവ്യമായി തീരും. സർവ്വരും അസംഭവ്യത്തെ സംഭവ്യമാക്കുന്നവരല്ലേ. ലോകത്തിലുള്ളവർ പറയുന്നു- മനസ്സിനെ ഏകാഗ്രമാക്കുക വളരെ പ്രയാസമുള്ളതാണെന്ന്, അസംഭവ്യമെന്ന് പറയുന്നു, നിങ്ങളെന്ത് പറയുന്നു? നിങ്ങൾ ഒരു നിമിഷത്തെ കാര്യമല്ലേ. അവർക്ക് അസംഭവ്യമാണ്. എത്ര വ്യത്യാസമായി. സമയമെടുക്കുന്നില്ലല്ലോ? പാട്ട് മുഴങ്ങി, ചുവന്ന ലൈറ്റ് വന്നു, ശേഷമാണ് മനസ്സ് ഏകാഗ്രമായത്- അങ്ങനെയല്ലല്ലോ? പരിശ്രമിക്കേണ്ടി വരുന്നില്ലല്ലോ? തന്റെ അച്ഛനല്ലേ. മറ്റൊരാളുടെ അച്ഛനല്ലല്ലോ. ഇത് നിങ്ങളുടെ അച്ഛനാണ്, ഈ അച്ഛനെ ഓർമ്മിക്കൂ എന്ന് മറ്റാരെങ്കിലും പറയുകയാണെങ്കിൽ ഓർമ്മിക്കാൻ സാധിക്കില്ലല്ലോ. പക്ഷെ ബാബ എന്റേതാണ്. സ്വന്തം ആയതിനെ ഓർമ്മിക്കാൻ പ്രയാസമില്ല. അന്യരുടേതിനെ ഓർമ്മിക്കാനാണ് പ്രയാസം. നിങ്ങൾ അധികാരത്തോടെ ഓർമ്മിക്കുന്നു അല്ലെങ്കിൽ ഭഗവാനാണ്, വളരെ വലുതാണ്, സൂര്യന് സമാനമാണ്- ഇങ്ങനെയല്ലേ ഓർമ്മിക്കുന്നത്? സർവ്വതും എന്റേതാണ്- ഈ അധികാരത്തോടെ ഓർമ്മിക്കൂ.

ആത്മീയ റോസാപുഷ്പമായി മുഴുവൻ ദിവസം സുഗന്ധം വ്യാപിപ്പിച്ചു കൊണ്ടിരിക്കൂ. സുഗന്ധം ദൂരെയുള്ളവരെ പോലും ആകർഷിക്കുന്നു. ദൂരെ നിന്ന് തന്നെ ചിന്തിക്കുന്നു- ഈ സുഗന്ധം എവിടെ നിന്നാണ് വരുന്നതെന്ന്. അതിനാൽ നിങ്ങളുടെ ആത്മീയത വിശ്വത്തെ ആകർഷിക്കുന്നു. നോക്കൂ, ആത്മീയതയുടെ സുഗന്ധം ദേശത്തെയും വിദേശത്തെയും ആകർഷിച്ചില്ലേ. വിദേശത്ത് വരെ സുഗന്ധമെത്തി. ഏതൊരു കർമ്മം ചെയ്യുമ്പോഴും ശുഭ സങ്കല്പത്തിലൂടെ ഈ സുഗന്ധം വ്യാപിപ്പിച്ചു കൊണ്ടിരിക്കൂ. ഏതൊരു കർമ്മം ചെയ്യുമ്പോഴും ചെക്ക് ചെയ്യൂ- ബുദ്ധി ഏതെല്ലാം ഭാഗത്തേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു? ആഗ്രഹിക്കാതെ തന്നെ അനേക ഭാഗത്തേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു, ഒരു ഭാഗത്ത് മാത്രമല്ല. അതിനാൽ മറ്റ് ഭാഗത്തേക്ക് പോകാൻ സാധിക്കുന്നുവെങ്കിൽ സേവനവും ചെയ്യാനാകില്ലേ. ഓർമ്മിക്കാനും സാധിക്കും.. വളരെ കുറച്ച് സമയത്തേക്ക് മാത്രമേ ബുദ്ധി ഫുള്ളായി അതിൽ മുഴുകുന്നുള്ളൂ. ഏതുപോലെ ഡോക്ടേഴ്സ് ഓപ്പറേഷൻ ചെയ്യുമ്പോൾ മുഴുവൻ ബുദ്ധിയെയും അതിൽ ഉപയോഗിക്കുന്നു. ബാക്കി

മരുന്ന് നൽകുന്ന സമയത്തും, പരിശോധിക്കുന്ന സമയത്തുമെല്ലാം ബുദ്ധിയിൽ മറ്റ് കാര്യങ്ങളും നടക്കുന്നുണ്ട്. അതെല്ലാം ചെയ്യാൻ സാധിക്കുമെങ്കിൽ ഇതെന്ത് കൊണ്ട് ചെയ്യാൻ സാധിക്കില്ല. മനസ്സിന്റെയും ബുദ്ധിയുടെയും ശീലമാണ് കറങ്ങുക എന്നത്. മുഴുവൻ ജ്ഞാനത്തിന്റെ ചക്രം കറക്കൂ, വ്യർത്ഥം കറക്കിയാലും തീർച്ചയായും കറങ്ങുന്നുണ്ടല്ലോ. നിങ്ങൾ സ്വദർശന ചക്രം കറക്കൂവെങ്കിൽ ബാക്കിയെല്ലാ കറക്കങ്ങളും ഇല്ലാതയാകും.

അതിനാൽ സർവ്വരും സേവനത്തിൽ സഹയോഗികളല്ലേ? സമയമില്ല, പരിതസ്ഥിതികളാണ്– ഇങ്ങനെയുള്ളവർ കൈ ഉയർത്തൂ. മനസ്സാ സേവനം സർവ്വർക്കും ചെയ്യാൻ സാധിക്കില്ലേ? ബിസിയായിട്ടരിക്കുന്നതിന് സേവനം വളരെ നല്ല സാധനമാണ്. എത്രത്തോളം സ്വയത്തെ ബിസിയാക്കി വയ്ക്കുന്നുവൊ അത്രത്തോളം സുരക്ഷിതരായിരിക്കുന്നു. മനസ്സാ സേവനം ചെയ്തോളു, വാചാ, അല്ലെങ്കിൽ കർമ്മണാ ചെയ്യൂ എന്നാൽ ബുദ്ധിയെ തീർച്ചയായും ബിസിയാക്കി വയ്ക്കൂ. കൈയ്യും കാലും കൊണ്ട് ബിസിയായിട്ടിരിക്കുന്നു എന്നാൽ ബുദ്ധി കൊണ്ട് ബിസിയായിട്ടിരിക്കൂ. തന്റെ ടൈം ടേബിൾ ഉണ്ടാക്കൂ. വലിയ ആളുകളുടെ ടൈം ടേബിൾ ഫിക്സായിരിക്കും. അതിനാൽ നിങ്ങൾ വലുതിലും വച്ച് വലിയ ആളുകളല്ലേ. മുഴുവൻ കല്പത്തിലും മറ്റെവിടെയെങ്കിലും പോയി അന്വേഷിക്കൂ– നിങ്ങൾ ബ്രാഹ്മണരേക്കാൾ ഉയർന്നവരായി മറ്റാരെങ്കിലുമുണ്ടോ? ദേവതമാർ പോലുമില്ല എന്നാൽ ഈ ജീവിത്തിന്റെ മുന്നിൽ അതും ഒന്നും തന്നെയല്ല. ജീവിതമുണ്ടെങ്കിൽ ബ്രാഹ്മണ ജീവിതമാണ് അതി ശ്രേഷ്ഠം. ശരി.

## വരദാനം– അവ്യക്ത പാലനയിലൂടെ ശക്തിശാലിയായി ലാസ്റ്റ് വന്നിട്ടും ഫാസ്റ്റായി പോകുന്ന ഫസ്റ്റ് നമ്പറിന്റെ അധികാരിയായി ഭവിക്കട്ടെ.

അവ്യക്ത പാർട്ടിൽ വരുന്ന ആത്മാക്കൾക്ക് പുരുഷാർത്ഥത്തിൽ തീവ്രഗതിയുടെ ഭാഗ്യം സഹജമായി ലഭിച്ചിരിക്കുന്നു. ഈ അവ്യക്തമായ പാലന സഹജമായി തന്നെ ശക്തിശാലിയാക്കുന്നതാണ് അതിനാൽ ആര് എത്രത്തോളം മുന്നോട്ടുയരാൻ ആഗ്രഹിക്കുന്നുവൊ ഉയരാം. ഈ സമയത്ത് ലാസ്റ്റ് വന്നവർക്ക് ഫാസ്റ്റായി ഫസ്റ്റ് ആകാൻ ഉള്ള വരദാനം പ്രാപ്തമാണ്. അതിനാൽ ഈ വരദാനത്തെ കാര്യത്തിൽ ഉപയോഗിക്കൂ അർത്ഥം സമയത്തിനനുസരിച്ച് വരദാനത്തെ സ്വരൂപത്തിൽ കൊണ്ടു വരൂ. എന്താണോ ലഭിച്ചിരിക്കുന്നത് അതിനെ ഉപയോഗിക്കൂ എങ്കിൽ ഫസ്റ്റ് നമ്പറിൽ വരുന്നതിന്റെ അധികാരം പ്രാപ്തമാകും.

## സ്ലോഗൻ– സ്വമാനത്തിന്റെ സീറ്റിൽ സെറ്റായിട്ടിരിക്കൂ എങ്കിൽ സർവ്വരുടെയും ബഹുമാനം സ്വതവേ പ്രാപ്തമാകുന്നു.

**ലവ്ലീൻ സ്ഥിതിയുടെ അനുഭവം ചെയ്യൂ–** ബാബയോട് സത്യമായ സ്നേഹമുള്ളതിന്റെ ലക്ഷണമാണ്– സമാനവും, കർമ്മാതീതവുമാകൂ. ചെയ്യിപ്പിക്കുന്നവരായി കർമ്മം ചെയ്യൂ. ചെയ്യിക്കൂ. കർമ്മേന്ദ്രിയങ്ങൾ നിങ്ങളെ കൊണ്ട് ചെയ്യിക്കരുത് എന്നാൽ നിങ്ങൾ കർമ്മേന്ദ്രിയങ്ങളെ കൊണ്ട് ചെയ്യിക്കൂ. ഒരിക്കലും മനസ്സ്, ബുദ്ധി അഥവാ സംസ്ക്കാരത്തിന് വശപ്പെട്ട് യാതൊരു കർമ്മവും ചെയ്യാതിരിക്കൂ.